بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 14.07.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ബദ്ർ യുദ്ധാനന്തര സംഭവ വികാസങ്ങൾ

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ട് തിരുനബി(സ)യുടെ ജീവചരിത്രവും സംഭവങ്ങളുമാണ് പരാമർശിച്ചുവരുന്നത്. ബദ്ർ യുദ്ധം അവസാനിക്കുകയും അവിശ്വാസികളെ അല്ലാഹു അവരുടെ പര്യവസാനത്തിലെത്തിക്കുകയും ചെയ്തു. അനേകം തലവന്മാരും പ്രമാണിമാരും ഉൾപ്പെടെ എഴുപത് സത്യനിഷേധികൾ അതിൽ കൊല്ലപ്പെടുകയുണ്ടായി.

ഈ ഖുറൈശി നേതാക്കളുടെ ഖബറടക്കവുമായി ബന്ധപ്പെട്ട് കാണുന്ന പരാമർശം സ്വഹീഹ് ബുഖാരി ഉദ്ധരിക്കുന്നത്, ഒരിക്കൽ തിരുനബി(സ) കഅ്ബ മന്ദിരത്തിൽ നമസ്കരിക്കുമ്പോൾ സുജൂദ് ചെയ്ത അവസ്ഥയിൽ അവിശ്വാസികൾ ഒരു മൃഗത്തിന്റെ കുടൽമാല തോളിൽ വെച്ചു. ഹദ്റത്ത് ഫാത്തിമ(റ) അവിടെ വന്ന് നബി(സ)ന്റെ ചുമലിൽ നിന്ന് ആ ഭാരമുള്ള സാധനം എടുക്കുന്നതുവരെ നബി(സ) സുജൂദിൽ തന്നെ തുടരുകയുണ്ടായി. അവിശ്വാസികൾ ചിരിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ നബി(സ) പ്രാർത്ഥിച്ചു: അല്ലാഹുവേ! ഖുറൈശികളെ പിടികൂടിയാലും. എന്നിട്ട് നബി(സ) അംർ ബിൻ ഹിശാം, ഉഖ്ബ ബിൻ റബീഅ, ശൈബ ബിൻ റബീഅ, വലീദ് ബിൻ ഉത്ബ, ഉമയ്യ ബിൻ ഖല്ഫ് എന്നിവരെയും മറ്റു ചില അവിശ്വാസികളെയും പേരെടുത്തുപറഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു: അല്ലാഹുവേ! അവരെ പിടികൂടിയാലും. നിവേദകൻ ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: അല്ലാഹുവാണെ! ബദർ ദിനത്തിൽ ഈ എല്ലാവരും (മരിച്ചു)വീണത് ഞാൻ കണ്ടതാണ്. എന്നിട്ട് അവരെ വലിച്ചിഴച്ച് ബദ്റിലെ കുഴിയിലേക്ക് എറിഞ്ഞു. ഈ അവസരത്തിൽ, കുഴികളിലുള്ളവർ ശാപത്തിന് വിധേയരാണെന്ന് തിരുനബി(സ) പറയുകയുണ്ടായി.

ഹദ്റത്ത് അബൂ ത്വൽഹ അൻസാരിയിൽ നിന്ന് നിവേദനം: ബദ്ർ യുദ്ധത്തിന്റെ ദിവസം തിരുനബി(സ) ഇരുപത്തിനാല് അവിശ്വാസികളെ സംബന്ധിച്ച് കൽപ്പിക്കുകയും അവരെ ബദറിലെ കിണറ്റിലേക്ക് എറിയുകയും ചെയ്തു. ബദറിൽ നിന്ന് മടങ്ങുമ്പോൾ തിരുനബി(സ) കിണറ്റിന്റെ അരികിൽ നിന്നുകൊണ്ട് മക്കയിലെ അവിശ്വാസികളെ അവരുടെ പിതാക്കന്മാരുടെ പേരുകളിൽ വിളിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു അവന്റെ ദൂതനോട് വാഗ്ദാനം ചെയ്തതെല്ലാം ഞങ്ങൾ നേടിയെടുത്തിരിക്കുന്നു.

ഹദ്റത്ത് സാഹിബ്സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സംഭവം പരാമർശിച്ചുകൊണ്ട് പറയുന്നു: കുഴികളിലുള്ളവരേ, നിങ്ങൾ എന്നോട് യുദ്ധം ചെയ്തു, മറ്റുള്ളവർ എന്നെ സഹായിച്ചു എന്ന തിരുനബി(സ)യുടെ വാക്കുകളിൽനിന്ന് പ്രകടമാകുന്നത്, ഈ യുദ്ധങ്ങൾക്ക് തുടക്കം കുറിച്ചത് അവിശ്വാസികളാണെന്ന് അവിടുത്തേക്ക് സ്വയം ദൃഢവിശ്വാസമുണ്ടായിരുന്നുവെന്നും ആത്മരക്ഷയ്ക്കായി മാത്രമാണ് വാളെടുക്കാൻ തിരുനബി(സ) നിർബന്ധിതനായത് എന്നും (അതിൽ വളരേ മനഃപ്രയാസവും ഉണ്ടായിരുന്നു എന്നും) ആണ്.

ജീവചരിത്ര ഗ്രന്ഥങ്ങളിൽ, ബദർ യുദ്ധത്തെക്കുറിച്ചുള്ള പരാമർശത്തിൽ തിരുനബി(സ)യുടെ ചില ദിവ്യാത്ഭുതങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. (അതിൽ ഒരു സംഭവം) അക്കാശ ബിൻ മഹ്സൻ ബദർ ദിനത്തിൽ തന്റെ വാളുമായി യുദ്ധം ചെയ്തു, അത് തന്റെ കൈയിൽ നിന്ന് ഒടിഞ്ഞുവീണു. അദ്ദേഹം തിരുനബി(സ)യുടെ സവിധത്തിലെത്തി, തിരുനബി(സ) അദ്ദേഹത്തിന് ഒരു മരക്കഷണം നൽകുകയും നിങ്ങൾ അതുകൊണ്ട് സത്യനിഷേധികളോട് യുദ്ധം ചെയ്യുക എന്ന് പറയുകയും ചെയ്തു. അക്കാശ ഈ മരക്കഷണം വീശി നോക്കിയപ്പോൾ അത് അദ്ദേഹത്തിന്റെ കയ്യിൽ വാളായി മാറി.

സത്യനിഷേധികളുടെ പരാജയവാർത്ത മക്കയിൽ എത്തിയത് എങ്ങനെയെന്ന് പരാമർശിച്ചിരിക്കുന്നത്, മുശ്രിക്കുകൾ പരിഭ്രാന്തരായി മക്കയിലേക്ക് പലായനം ചെയ്തു. നാണക്കേടു നിമിത്തം മക്കയിൽ എങ്ങനെ പ്രവേശിക്കണമെന്ന് അവർക്ക് മനസ്സിലായില്ല. ഖുറൈശി നേതാക്കളുടെ മരണവാർത്ത അവിശ്വാസികൾ മക്കയിലെ ജനങ്ങളെ അറിയിച്ചപ്പോൾ അവർക്ക് അതിൽ വിശ്വാസം വന്നില്ല. (വിശ്വാസം വന്നപ്പോൾ) കൊല്ലപ്പെട്ടവരെക്കുറിച്ച് ദുഃഖാചരണം നടത്തുന്നതുവരെ ഖുറൈശികൾ തടഞ്ഞു; (അത്രത്തോളം അവരിൽ അത് പ്രഭാവം ചെലുത്തിയിരുന്നു.)

മറുവശത്ത്, അല്ലാഹുവിന്റെ ദൂതൻ(സ) മദീനയിലെ ജനങ്ങൾക്ക് വിജയത്തിന്റെ സന്തോഷവാർത്ത അറിയിക്കാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ മദീനയുടെ ഉയർന്നഭാഗത്തേക്കും ഹദ്റത്ത് സൈദ് ബിൻ ഹരിഥയെ മദീനയുടെ താഴ്ന്ന പ്രദേശത്തേക്കും അയച്ചു.

ഹദ്റത്ത് ഉസാമ ബിൻ സൈദ് പറയുന്നു: ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ പത്നി, ഹദ്റത്ത് റുഖിയ്യ ബിൻത് റസൂലുല്ലാഹ്‌യുടെ ഖബറിലെ മണ്ണ് നിരപ്പാക്കുമ്പോഴാണ് വിജയത്തിന്റെ സന്തോഷവാർത്ത ഞങ്ങൾക്ക് ലഭിച്ചത്.

തിരുനബി(സ)യുടെ ഒട്ടകപ്പുറത്ത് കയറി സൈദ് ബിൻ ഹാരിഥ മദീനയിൽ പ്രവേശിച്ചപ്പോൾ മുസ്ലിംകൾ യുദ്ധത്തിൽ പരാജയപ്പെട്ടുവെന്നും നബി(സ) യുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്നും അതുകൊണ്ടാണ് മുഹമ്മദ് നബിയുടെ ഒട്ടകപ്പുറത്ത് സൈദ് വരുന്നത് എന്നും കപടവിശ്വാസികളും ജൂതന്മാരും പറയാൻ തുടങ്ങി. സൈദ് ബിൻ ഹാരിഥ വിജയത്തിന്റെ സന്തോഷവാർത്ത അറിയിക്കുകയും ഖുറൈശി മേധാവികളുടെ പേരേടുത്തുകൊണ്ട് ഇന്ന ഇന്ന ഖുറൈശി മേധാവികൾ കൊല്ലപ്പെട്ടുവെന്ന് പറയുകയും ചെയ്തപ്പോൾ ഇത് എങ്ങനെ സംഭവിക്കുമെന്ന് കപടവിശ്വാസികൾ ചോദിച്ചു: യുദ്ധത്തിലെ പരാജയവും തിരുനബി(സ)യുടെ വധവും കാരണം സൈദിന്റെ മനസ്സ് കീഴ്മേൽ മറിഞ്ഞതായി തോന്നുന്നു.

വിജയത്തിന്റെ ആഹ്ലാദത്തിൽ തിരുനബി(സ)യെ സ്വീകരിക്കാൻ മദീനക്കാർ മദീനയിൽ നിന്ന് പുറപ്പെട്ടു. ഈ മുസ്ലിംകളിൽ സന്തോഷം അണപൊട്ടിയൊഴുകിയിരുന്നു.

ഈ യുദ്ധത്തിൽ മുസ്ലിംകൾക്ക് 150 ഒട്ടകങ്ങളും 10 കുതിരകളും യുദ്ധമുതലായി ലഭിച്ചു. ഇതുകൂടാതെ, എല്ലാത്തരം സാധനങ്ങളും, ആയുധങ്ങളും, വസ്ത്രങ്ങളും, എണ്ണമറ്റ തോലുകളും ചായംപൂശിയ തുകലുകളും കമ്പിളികളും ഗനീമത്ത് മുതലായി ലഭിച്ചു. തിരുനബി(സ) തന്റെ വിഹിതം മറ്റു സഹാബികളുടേതിന് തുല്യമായി നിലനിർത്തി. സ്വഹാബികൾ തിരുമേനിക്ക് വേണ്ടി ഒരു വാൾ മാറ്റിവെച്ചു. അതുപോലെ അബൂജഹലിന്റെ ഒരു ഒട്ടകത്തെ തിരുനബി(സ)നു ലഭിച്ചു. ജീവചരിത്രങ്ങളിൽ ഈ വാളിനും ഒട്ടകത്തിനും ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. ദുൽഫുഖാർ എന്നായിരുന്നു ഈ വാളിന്റെ പേര്. പിന്നീട്, മറ്റ് യുദ്ധങ്ങളിൽ, തിരുനബി(സ) ഈ വാൾ തന്റെ പക്കൽ സൂക്ഷിച്ചു. തിരുനബി(സ)ന് ശേഷം ഈ വാൾ അബ്ബാസി ഖലീഫമാരുടെ പക്കലായിരുന്നു. അതുപോലെ ഹുദൈബിയാ സന്ധി വരെ ആ ഒട്ടകം തിരുനബി(സ)ന്റെ കൂടെയുണ്ടായിരുന്നു. സുലഹ് ഹുദൈബിയ്യയുടെ വേളയിൽ നബി(സ) ഈ ഒട്ടകത്തെ ബലിയായി കൊണ്ടുപോയി.

സമരാർജിത സ്വത്തിന്റെ വിതരണത്തിൽ തിരുനബി(സ) ശുഹദാക്കളുടെ അവകാശികൾക്ക് അവരുടെ വിഹിതം നൽകി. അതുപോലെ, വിവിധ ബാധ്യതകളാൽ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന മദീനയിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ള സ്വഹാബികൾക്കും അവരുടെ വിഹിതം നൽകി.

ബദർ യുദ്ധത്തിലെ തടവുകാരെ മോചനദ്രവ്യം നൽകി വിട്ടയച്ചു. ആയിരം മുതൽ നാലായിരം ദിർഹം വരെയായിരുന്നു മോചനദ്രവ്യം. ഫിദ്‌യ നൽകാൻ കഴിയാത്തവർക്ക് മദീനയിലെ കുട്ടികളെ എഴുത്തും വായനയും പഠിപ്പിച്ചാൽ വിട്ടയക്കുമെന്ന വ്യവസ്ഥയുമുണ്ടായിരുന്നു. അതുപോലെ ചില തടവുകാരെ കുറച്ചു മോചനദ്രവ്യം വാങ്ങിയും ചിലരെ മോചനദ്രവ്യം കൂടാതെയും വിട്ടയക്കപ്പെട്ടു.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിരിക്കുന്നു, മദീനയിൽ എത്തിയ തിരുനബി(സ) തടവുകാരുടെ കാര്യത്തിൽ എന്ത് ചെയ്യണമെന്നതിനെ കുറിച്ച് അഭിപ്രായമാരാഞ്ഞു. അറേബ്യയിൽ, തടവുകാരെ കൊല്ലുകയോ അവരെ സ്ഥിരമായി അടിമകളാക്കുകയോ ചെയ്യുന്ന പതിവാണുണ്ടായിരുന്നത്. എന്നാൽ ഇത് തിരുനബി(സ)യുടെ പ്രകൃതത്തിന് കടുത്ത അസഹ്യമായി തോന്നിയിരുന്നു. ഇക്കാര്യത്തിൽ ഇതുവരെ ദൈവവിധികളൊന്നും വെളിപ്പെട്ടിരുന്നില്ല. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: എന്റെ അഭിപ്രായത്തിൽ, അവരെ ഫിദ്‌യ വാങ്ങി വിട്ടയക്കണം, കാരണം ഈ ആളുകൾ നമ്മുടെ സ്വന്തം സഹോദരന്മാരാണ്.

നാളെ അവരിൽ നിന്ന് ഇസ്‌ലാം മതവിശ്വാസികൾ ജനിക്കുമെന്നതിൽ എന്ത് അത്ഭുതമാണ് ഉള്ളത്. എന്നാൽ ഹദ്റത്ത് ഉമർ(റ) ഈ അഭിപ്രായത്തെ എതിർത്തുകൊണ്ട് പറഞ്ഞു: മതകാര്യത്തിൽ ഒരു ബന്ധവും ഉണ്ടാകരുത്, ഈ ആളുകൾ അവരുടെ പ്രവൃത്തികളാൽ കൊല്ലപ്പെടാൻ അർഹരാണ്. അതിനാൽ, എന്റെ അഭിപ്രായത്തിൽ, അവരെല്ലാവരും വധിക്കപ്പെടണം, മറിച്ച് മുസ്‌ലിംകൾ തന്റെ ബന്ധുക്കളെ സ്വന്തം കൈകൊണ്ട് കൊല്ലണമെന്ന് ഉത്തരവിടേണ്ടതാണ്. തിരുനബി(സ) തന്റെ സ്വാഭാവിക കാരുണ്യത്തിന്റെ സ്വാധീനത്താൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ അഭിപ്രായത്തെ ഇഷ്ടപ്പെടുകയും വധിക്കുന്നതിനെതിരെ തീരുമാനിക്കുകയും ഫിദ്‌യയും മറ്റും നൽകുന്ന മുശ്‌രിക്കുകളെ മോചിപ്പിക്കാൻ ഉത്തരവിടുകയും ചെയ്തു. അങ്ങനെ ഇതനുസരിച്ച് തന്നെ ദൈവകൽപ്പനയും അവതരിക്കുകയുണ്ടായി. അങ്ങനെ ഓരോ വ്യക്തിയുടെയും അനുയോജ്യമായ സാഹചര്യമനുസരിച്ച് അവന്റെ മോചനദ്രവ്യം ആയിരം ദിർഹത്തിൽ നിന്ന് നാലായിരം ദിർഹമായി നിശ്ചയിച്ചു. അപ്രകാരം തടവുകാരെ മോചിപ്പിച്ചുകൊണ്ടിരുന്നു.

ബദർ യുദ്ധവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഭാവിയിൽ തുടരുമെന്ന് പറഞ്ഞതിന് ശേഷം, ഹുസൂർ അൻവർ (അ.ബി.) താഴെ പറയുന്ന മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

1. മുറബ്ബി സിൽസിലയും പകിസ്താനിലെ വഖ്ഫെ ജദീദ് നാഇബ് നാസിം മാലും ആയ റാണാ അബ്ദുൽഹമീദ് ഖാൻ സാഹിബ് കാഠ്ഘടി.

2. അമേരിക്കയിലെ മുറബ്ബി സിൽസിലയായ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ നുസ്റത്ത് ജഹാൻ അഹ്മദ് സാഹിബ.

രണ്ടു മർഹൂമിന്റേയും മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

---

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 14.07.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**